"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്- കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് – ൽ നിന്നും കൈമാറ്റം ചെയ്യുന്ന ഭൂമിയുടെ വില ഏക്കറിന് 1000 രൂപയെന്ന സൗജന്യ നിരക്കിൽ നിശ്ചയിച്ചുകൊണ്ട് 157 ഏക്കർ ഭൂമി കേരള റബ്ബർ ലിമിറ്റഡിന് **Conveyance Deed** മുഖേന കൈമാറ്റം ചെയ്ത് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (ജി) വകുപ്പ്

സ.ഉ.(സാധാ) നം.**455/2025/ID** തീയതി,തിരുവനന്തപുരം, **29-04-2025**

---

പരാമർശം:-
1. **20-11-2023**-ലെ സ.ഉ. (സാധാ)നം.**1171/2023/ID** സർക്കാർ ഉത്തരവ്.
2. **06-03-2025**-ലെ സ.ഉ.(സാധാ) നം.**249/2025/ID** സർക്കാർ ഉത്തരവ്.
3. കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് സ്പെഷ്യൽ ഓഫീസറുടെ **10-03-2025**-ലെ **KPPL/SO/IND/09/2025** നമ്പർ കത്ത്.

**ഉത്തരവ്**

കേന്ദ്രസർക്കാർ അടച്ചുപൂട്ടിയ കേന്ദ്രപൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ **(HNL)** ബാധ്യതകൾ എല്ലാം തീർത്ത് സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയും **HNL**-ന് സർക്കാർ ഏറ്റെടുത്തു നൽകിയ **698.96** ഏക്കർ ഭൂമി, പരാമർശം-**1** പ്രകാരം തണ്ടപ്പേർ രജിസ്റ്ററിൽ മാറ്റം വരുത്തി കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് **(KPPL)** എന്നാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പ്രസ്തുത മാറ്റം തണ്ടപ്പേർ രജിസ്റ്ററിൽ വരുത്തുകയും ചെയ്തു.

മേൽ പ്രകാരം **KPPL** –ന്റെ പേരിലുള്ള ഭൂമിയിൽ നിന്നും **157** ഏക്കർ ഭൂമി പുതിയതായി ആരംഭിക്കുന്ന കേരള റബ്ബർ ലിമിറ്റഡിന്റെ **(KRL)**-ന്റെ പേരിൽ രജിസ്റ്റർ ചെയ്ത പ്രമാണം(**Conveyance Deed**) മുഖേന കൈമാറ്റം നടത്തുവാൻ **KPPL**-ന് അനുമതി നൽകി പരാമർശം-**2** പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

കെ.ആർ.എല്ലും, കെ.പി.പി.എല്ലും, കേരള സർക്കാരിൻ്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളായതിനാലും മേൽ വിവരിച്ച ഭൂമി കൈമാറ്റം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉള്ളതുകൊണ്ടും ടി **Conveyance Deed** രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായ മുദ്ര വിലയും രജിസ്ട്രേഷൻ ഫീസും ഇളവ് ചെയ്തു തരുവാൻ വേണ്ട ഉത്തരവ് ലഭ്യമാക്കണമെന്ന് പരാമർശം-**3** പ്രകാരം **KPPL** സ്പെഷ്യൽ ഓഫീസർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള റബ്ബർ ലിമിറ്റഡ് പുതിയതായി ആരംഭിച്ച പൊതുമേഖലാ സ്ഥാപനമാണ്. പ്രസ്തുത സ്ഥാപനത്തിന്റെ

അടിസ്ഥാന നിർമ്മാണപ്രവർത്തനങ്ങൾ നടന്നു വരുന്നതേയുള്ളൂ. സർക്കാർ ബഡ്ജറ്റിലൂടെ അനുവദിച്ചു നൽകുന്ന പദ്ധതി തുകയിൽ നിന്നാണ് പ്രസ്തുത സ്ഥാപനം നിലവിൽ പ്രവർത്തിച്ചു വരുന്നത്. മേൽ സാഹചര്യത്തിൽ **KPPL** – ൽ നിന്നും കൈമാറ്റം ചെയ്യുന്ന ഭൂമിയുടെ വില ഏക്കറിന് **1000** രൂപയെന്ന സൗജന്യ നിരക്കിൽ നിശ്ചയിച്ചുകൊണ്ട് **157** ഏക്കർ ഭൂമി **KRL**-ന് **Conveyance Deed** മുഖേന കൈമാറ്റം ചെയ്ത് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോട്ടയം.
ചെയർപേഴ്സൺ & മാനേജിംഗ് ഡയറക്ടർ, കേരള റബ്ബർ ലിമിറ്റഡ്, കോട്ടയം
സ്പെഷ്യൽ ഓഫീസർ, കേരള പേപ്പർപ്രോഡക്ട്സ് ലിമിറ്റഡ്, വെള്ളൂർ, കോട്ടയം.
മാനേജിംഗ് ഡയറക്ടർ, കിൻഫ്ര, തിരുവനന്തപുരം
റവന്യൂ (എം) വകുപ്പ് (സൂചന **06-02-2025**-ലെ എം3/114/2024/റവ നമ്പർ കുറിപ്പ്)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shabna N
Date: 30-04-2025 12:21:53
സെക്ഷൻ ഓഫീസർ